പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1157 — 30.09.2016-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സി.എൻ.ജി.യുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ.അബ്ദു റബ്ബ് | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ എത്ര ബസ്സുകളിൽ സി.എൻ.ജി ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്; ഇല്ലെങ്കിൽ അതിന്റെ കാലതാമസത്തിനുള്ള കാരണം അറിയിക്കുമോ; | (എ) | നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ ബസുകളിൽ സി.എൻ.ജി ഇന്ധനം ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. സി.എൻ.ജി ഡിസ്പെൻസ്സിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിലെവിടെയും സ്ഥാപിതമായിട്ടില്ലാത്തതിനാലാണ് സി.എൻ.ജി ഉപയോഗിക്കുവാൻ കഴിയാത്തത് |
| (ബി) | ഡീസലിൽ നിന്ന് സി.എൻ.ജി.യിലേക്ക് മാറുന്നതിനുള്ള തീരുമാനം ഏതു കാലയളവിലാണ് സ്വീകരിച്ചത്; അത് കെ.എസ്.ആർ.ടി.സി. യുടെ ഇന്ധനച്ചെലവിനെ എത്ര കണ്ട് ലാഭകരമാക്കാനാകുമന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഈ സർക്കാരിന്റെ 2016-17-ലെ ബഡ്ജറ്റിലാണ് ഡീസലിൽ നിന്ന് സി.എൻ.ജി. യിലേക്ക് മാറുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. നിലവിൽ സി.എൻ.ജി ഉപയോഗിച്ചുള്ള ബസുകൾ കേരളത്തിൽ ഓടിച്ചു തുടങ്ങിയിട്ടില്ല. ആയതിനാൽ താരതമ്യ പഠനം നടത്തുവാൻ കഴിഞ്ഞിട്ടില്ല. സി.എൻ.ജി ഇന്ധനം ഉപയോഗിക്കുന്നതു മൂലം ഇന്ധനച്ചെലവിൽ ഗണ്യമായ കുറവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | സി.എൻ.ജി. യിലേക്ക് മാറുന്നതിന് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര തുക; എപ്പോൾ; അപ്രകാരം നൽകിയ തുക സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പണം സ്വീകരിച്ചു കഴിഞ്ഞ ശേഷവും പദ്ധതി നടപ്പാക്കാത്തതിനു കാരണം വ്യക്തമാക്കുമോ? | (സി) | നിലവിൽ കേന്ദ്ര സർക്കാരിൽ നിന്നും യാതൊരു സഹായവും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ